# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1520** — **05.02.2019 ൽ മറുപടിയ്ക്ക്**

## തരിശ് ഭൂമിയിൽ കൃഷിക്ക് അനുയോജ്യമായ ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| **ഡോ.എം. കെ. മുനീർ** | | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരള തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തശേഷം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ എത്ര അളവ് തരിശ് ഭൂമി കൃഷിയിറക്കണമെന്ന് കാണിച്ച് അതിന്റെ ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ; | എ) യും ബി) യും സി) യും | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ 2018 ഡിസംബർ 15-ാം തീയതിയാണ് വിജ്ഞാപനം ചെയ്യപ്പെട്ടത്. അതിൻ പ്രകാരം ആദ്യ പടിയായി തരിശ് ഭൂമി ഉടമസ്ഥരെ കൊണ്ടോ ഉടമസ്ഥരുടെ സമ്മതത്തോട് കൂടിയോ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ച് വരുന്നു. |
| ബി) അതിൽ എത്ര അളവ് ഭൂമിയിൽ നോട്ടീസ് കൈപ്പറ്റിയ ഭൂ ഉടമകൾ കൃഷിക്ക് തുടക്കം കുറിച്ചുവെന്ന് അറിയിക്കാമോ; | | |
| സി) നോട്ടീസ് കൈപ്പറ്റി 15 ദിവസം കഴിഞ്ഞിട്ടും ആയതിന് മറുപടി നല്കിയിട്ടില്ലാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| ഡി) സംസ്ഥാനത്ത് ഇനിയും ആകെ എത്ര അളവ് ഭൂമി കൃഷിയ്ക്ക് യോജിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്; | ഡി) | ജില്ലകളിൽ നിന്നും ശേഖരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 36057.814 ഹെക്ടർ തരിശു നിലം കൃഷിയ്ക്ക് യോജിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| ഇ) നോട്ടീസ് നൽകാത്ത എത്ര അളവ് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ; പ്രസ്തുത ഭൂമിയിലെവിടെയെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനമോ പാടശേഖര സമിതികളോ കൃഷിയിറക്കിയിട്ടുണ്ടോ; വിശദവിവരം നല്കാമോ? | ഇ)) | നോട്ടീസ് നല്കാത്ത എത്ര അളവ് ഭൂമിയുണ്ട് എന്നുള്ള കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല. |

M [signature]

**സെക്ഷൻ ഓഫീസർ**